**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 426** **15-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ശമ്പള ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. 15.02.2023-ന് ഇറക്കിയ ഉത്തരവിൽ ജീവനക്കാർക്ക് നൽകാനുള്ള പകുതി ശമ്പളം മാത്രമേ കെ.എസ്.ആർ.ടി.സി.യുടെ ഫണ്ടിൽ നിന്നും നൽകുകയുള്ളൂ എന്ന് വ്യക്തമാക്കിയിരുന്നോ; | (എ) | ഇല്ല. 15.02.2023-ലെ ഉത്തരവ് പ്രകാരം ജീവനക്കാർക്ക് സമയബന്ധിതമായി ശമ്പളം നൽകുന്നതിന് ബഹു. ഹൈക്കോടതി W.P.(C) No. 15353 of 2022 നമ്പർ കേസിൽ ഉത്തരവായ സാഹചര്യത്തിൽ എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പ് കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ള തുകയും, ഓവർ ഡ്രാഫ്റ്റും ചേർത്ത് പരമാവധി നൽകുവാൻ കഴിയുന്ന തുക ആദ്യ ഗഡു ആയി നൽകുന്നതിന് ഉദ്ദേശിക്കുന്നതായും, സർക്കാർ ധന സഹായം ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുകയും നൽകുവാൻ ഉദ്ദേശിക്കുന്നതായും പ്രതിപാദിച്ചിട്ടുണ്ട്.<br><br>എന്നാൽ സർക്കാർ ധനസഹായം ലഭ്യമായതിനുശേഷം ശമ്പളം മതി എന്ന് ആഗ്രഹിക്കുന്നവർക്ക് ആയത് തിരഞ്ഞെടുക്കുന്നതിനും അവസരം നൽകിയിട്ടുണ്ട്. |
| (ബി) | ജോലി ചെയ്യുന്നവർക്ക് കൂലി നൽകണം എന്ന ഭരണഘടനാ മൂല്യങ്ങൾക്ക് എതിരാണ് ഈ നടപടി എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ബഹു. കോടതി നിർദ്ദേശം അനുസരിച്ച് ജീവനക്കാർക്ക് ശമ്പളം ഒന്നിച്ച് നൽകുവാൻ കഴിയാത്ത സാഹചര്യം ഉള്ളതിനാലാണ് രണ്ടു ഗഡുക്കളായി ശമ്പളം നൽകുവാൻ കെ.എസ്.ആർ.ടി.സി. ആലോചിക്കേണ്ടിവന്നത്. ജോലി ചെയ്യുന്നവർക്ക് കൂലി നൽകണം എന്ന ഭരണഘടന മൂല്യങ്ങൾക്ക് മുൻതൂക്കം നൽകി സാമ്പത്തിക പരാധീനതകൾക്കിടയിലും ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും മുടക്കം കൂടാതെ വിതരണം ചെയ്തുപോരുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഒരു മാസംപോലും നിഷേധിച്ചിട്ടില്ല. |
| (സി) | തൊഴിൽ ചൂഷണ സംസ്കാരത്തിന് തുടക്കം കുറിയ്ക്കുന്നതായി പറയപ്പെടുന്ന | (സി) | നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ബഹു. കോടതി നിർദ്ദേശം അനുസരിച്ച് ജീവനക്കാർക്ക് |

| | | | |
|---|---|---|---|
| | കെ.എസ്.ആർ.ടി.സി.യുടെ പ്രസ്തുത തീരുമാനം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | ശമ്പളം ഒന്നിച്ച് നൽകുവാൻ കഴിയാത്ത സാഹചര്യം ഉള്ളതിനാലാണ് രണ്ട് ഗഡുക്കളായി ശമ്പളം നൽകുവാൻ കെ.എസ്.ആർ.ടി.സി. ആലോചിക്കേണ്ടിവന്നത്. ജോലി ചെയ്യുന്നവർക്ക് കൂലി നൽകണം എന്ന ഭരണഘടന മൂല്യങ്ങൾക്ക് മുൻതൂക്കം നൽകി സാമ്പത്തിക പരാധീനതകൾക്കിടയിലും ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും മുടക്കം കൂടാതെ വിതരണം ചെയ്തുപോരുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഒരു മാസംപോലും നിഷേധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ